NOV 30, 2024 Vol. XXXVI No.22 ₹50

Publishing Date:16th Nov. 2024, RNI 44620/87, Registered No. KL/EKM/032/2024-26
Licence No. KL/CR/EKM/WPP-17/2024-26, Licensed to post without Prepayment, Total 60 Pages

www.dhanamonline.com

Scan and Read now

# ധനം

വ്യവസായ വാണിജ്യ ദ്വൈവാരിക



ട്രംപിന്റെ വരവ് നിങ്ങളെയും ബാധിക്കും

DHANAM BFSI SUMMIT & AWARD NITE

നവംബർ 19ന് കൊച്ചിയിൽ

## ധനകാര്യ രംഗത്ത് വരുന്ന മാറ്റങ്ങൾ



# മുത്തൂറ്റ് ഫിനാൻസും 10 പാഠങ്ങളും



NISSAN MAGNITE ഫേസ്‌ലിഫ്റ്റ്!



## രാജ്യാന്തര നിക്ഷേപകൻ

സിദ്ധാർത്ഥ് ബാലചന്ദ്രനുമായി അഭിമുഖം

KAIRALI
AGRICULTURE MULTI STATE
CO-OPERATIVE SOCIETY LTD

## കൈരളി അഗ്രിക്കൾച്ചർ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

# കാർബൺ ക്രെഡിറ്റ് രംഗത്ത് വിപ്ലവകരമായ ചുവടുവെയ്പ്പ്

**ഇന്ത്യയിൽ തന്നെ ഇതാദ്യമായി കാർബൺ ക്രെഡിറ്റ് പ്രോജക്റ്റ് രംഗത്ത് ഒരു സഹകരണ പ്രസ്ഥാനവും ടെക് സ്റ്റാർട്ടപ്പും തമ്മിൽ കൈകോർത്ത് പ്രകൃതി സംരക്ഷണത്തിനും സമ്പത്ത് സൃഷ്ടിക്കുന്നതിനും പുതിയ മാതൃക വെട്ടിത്തുറന്നിരിക്കുന്നു**

**479.41** ബില്യൺ ഡോളർ. ലോക കാർബൺ ക്രെഡിറ്റ് മാർക്കറ്റിന്റെ 2023ലെ വലുപ്പമാണിത്. 2024 മുതൽ 2030 വരെയുള്ള കാലയളവിൽ ഗ്ലോബൽ കാർബൺ ക്രെഡിറ്റ് വിപണി 39.4 ശതമാനം സംയോജിത വാർഷിക വളർച്ചാ നിരക്ക് (CAGR) കൈവരിക്കുമെന്നാണ് ഗ്രാൻഡ് വ്യൂ റിസർച്ചിന്റെ മാർക്കറ്റ് അനാലിസിസ് റിപ്പോർട്ട്.

രാജ്യാന്തര തലത്തിൽ ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യുന്ന പദ്ധതിയാണ് കാർബൺ ക്രെഡിറ്റ്. ആഗോളതാപനത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കുന്നതിന്റെ ഭാഗമായി കൃഷിയിടങ്ങൾ മുതൽ വ്യവസായശാലകൾ വരെ കാർബൺ ന്യൂട്രലാക്കുന്നതിന് കർശന നടപടികളാണ് ആഗോളതലത്തിൽ ലോക രാജ്യങ്ങൾ സ്വീകരിച്ചുവരുന്നത്. എത്രതന്നെ പരിസ്ഥിതി സൗഹൃദ നയങ്ങൾ സ്വീകരിച്ചാലും വൻകിട കമ്പനികൾക്ക് വലിയൊരു അളവു വരെ ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളേണ്ടി വരും. ഈ സാഹചര്യത്തിൽ നിശ്ചിത ശതമാനം കാർബൺ ക്രെഡിറ്റ് ആഗോള വിപണിയിൽ നിന്ന് വിലകൊടുത്ത് ഇവർക്ക് വാങ്ങാം. ഇതാണ് ആഗോള കാർബൺ ക്രെഡിറ്റ് വിപണിയെ വളർച്ചയിലേക്ക് നയിക്കുന്ന ഘടകവും. ഐക്യരാഷ്ട്ര സംഘടനയുടെ 2021ലെ ഗ്ലാസ്ഗോ ഉച്ചകോടി തീരുമാനങ്ങൾ പ്രകാരം കാലാവസ്ഥാ വ്യതിയാനം തടയുന്നതിന് ലോകരാജ്യങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ വൻകിട കമ്പനികൾ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറച്ച് കാർബൺ ന്യൂട്രൽ ആകേണ്ട സ്ഥിതിയും അതിവിദൂരമല്ല. ആഗോളതലത്തിലെ ഈ പുത്തൻ പ്രവണതയുടെ ഗുണഫലം നമ്മുടെ നാട്ടിലെ കർഷകരിലേക്കും സാധാരണക്കാരിലേക്കും നിക്ഷേപകരിലേക്കും എത്തിക്കുന്നതിന് തികച്ചും വിപ്ലവകരമായ ചുവടുവെയ്പ്പ് നടത്തിയിരിക്കുകയാണ് തൃശൂർ ആസ്ഥാനമായുള്ള കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

### സഹകരണ പ്രസ്ഥാനവും ടെക് സ്റ്റാർട്ടപ്പും: അപൂർവ കൈകോർക്കൽ

സഹകരണ പ്രസ്ഥാനങ്ങൾക്ക് ഏറെ വേരോട്ടമുള്ള മണ്ണാണ് കേരളം. ഒട്ടനവധി ടെക് സ്റ്റാർട്ടപ്പുകളും സമീപകാലത്ത് ഇവിടെ പിറവിയെടുത്തിട്ടുണ്ട്. എന്നാൽ ഭാവിയിലെ ഏറ്റവും സാധ്യതയുള്ള ഒരു രംഗത്ത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ പ്രസ്ഥാനവും കാർബൺ ക്രെഡിറ്റ് മേഖലയിലെ ടെക് സ്റ്റാർട്ടപ്പും കൈകോർക്കുന്നത് അപൂർവതയാണ്. അതാണ് കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സാധ്യമാക്കിയിരിക്കുന്നതും. കേരള ബാങ്കിൽ സീനിയർ എക്സിക്യൂട്ടിവ് ഓഫീസറായിരുന്ന, കോ-ഓപ്പറേറ്റീവ് ബാങ്കിംഗ് രംഗത്ത് മൂന്ന് പതിറ്റാണ്ടിലേറെക്കാലത്തെ അനുഭവസമ്പത്തുള്ള കെ.വി അശോകനാണ് കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാൻ. ക്ലൈമറ്റ് ടെക് മേഖലയിലെ സ്റ്റാർട്ടപ്പായ ലോ കാർബൺ സൊല്യൂഷൻസുമായാണ് കാർബൺ ക്രെഡിറ്റ് പ്രോജക്ടിനായി കൈരളി എംഎസ്‌സിഎസ് പങ്കാളിത്തത്തിലേർപ്പെട്ടിരിക്കുന്നത്. ക്ലൈമറ്റ് ടെക്, റിന്യൂവബ്ൾ എനർജി ഇൻഡസ്ട്രി, പ്രീ എൻജിനീയേർഡ് ബിൽഡിംഗ് സൊല്യൂഷൻസ് രംഗത്ത് 17 വർഷത്തിലേറെ അനുഭവസമ്പത്തുള്ള ലതീഷ് വി.കെയാണ് ലോ കാർബൺ സൊല്യൂഷൻസിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ. ''കോ-ഓപ്പറേറ്റീവ് ബാങ്കിംഗ് രംഗത്ത് പതിറ്റാണ്ടുകളുടെ പരിചയസമ്പത്തുള്ളവർ നയിക്കുന്ന സഹകരണ പ്രസ്ഥാനവും ക്ലൈമറ്റ് ടെക് രംഗത്തെ സ്റ്റാർട്ടപ്പും കൈകോർത്ത് കാർബൺ ക്രെഡിറ്റ് രംഗത്ത് ഇതുപോലൊരു കർഷക കൂട്ടായ്മ രാജ്യത്ത് തന്നെ ആദ്യത്തേതാണ്,'' കെ.വി അശോകനും ലതീഷ് വി.കെയും പറയുന്നു.







eco harvest








### നൂതന ആശയം, വൻ വളർച്ചാ സാധ്യത

കർഷകർക്ക് കാർബൺ ക്രെഡിറ്റ് പദ്ധതിയുടെ ഗുണഫലം എത്തിക്കുക എന്നതാണ് കൈരളിയുടെ ലക്ഷ്യം. ഇതിലൂടെ പ്രകൃതിയെ സംരക്ഷിക്കാൻ സാധിക്കും. ദോഷകരമല്ലാത്ത കൃഷി രീതികൾ അവലംബിക്കുന്നത് കൊണ്ട് വിഷരഹിത വിളകൾ ലഭിക്കുകയും ചെയ്യും. അതിലൂടെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കപ്പെടും. മാത്രമല്ല, മണ്ണിന്റെ പോഷണം കൂടുന്നത് കൊണ്ട് വിളയുൽപ്പാദനം കൂടുന്നതിനൊപ്പം കാർബൺ ക്രെഡിറ്റ് പദ്ധതിയിലൂടെ അധിക വരുമാനവും കർഷകർക്ക് ലഭിക്കും.

''കഴിഞ്ഞ 12 മാസങ്ങൾ കൊണ്ട് പ്രവർത്തന രംഗത്ത് മുന്നേറ്റം കാഴ്ചവെയ്ക്കാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. 12,000ത്തോളം കർഷകർ ഇപ്പോൾ ഇതിൽ അംഗങ്ങളായുണ്ട്. ഏകദേശം 20,000 ഏക്കർ കൃഷിഭൂമിയിൽ സുസ്ഥിര കൃഷിരീതികൾ നടപ്പാക്കി വരുന്നു. നെല്ല്, കവുങ്ങ്, തേയില, കാപ്പി, റബ്ബർ തുടങ്ങി കണ്ടൽക്കാടുകളിൽ വരെ പൈലറ്റ് പ്രോജക്ടായി ഞങ്ങൾ പദ്ധതി നടപ്പാക്കുന്നുണ്ട്,'' അശോകൻ വ്യക്തമാക്കുന്നു.


ലതീഷ് വി.കെ

# “പ്രകൃതി സംരക്ഷണത്തിലൂടെ ആരോഗ്യം സംരക്ഷിച്ച് സമ്പന്നരാകുക”



കെ.വി അശോകൻ

**കാ**ർബൺ വിറ്റ് പണം വാങ്ങാൻ കർഷക സമൂഹത്തെ സഹായിക്കുന്ന, അതിലൂടെ വലിയൊരു സാമ്പത്തിക, പാരിസ്ഥിതിക മുന്നേറ്റത്തിന് വഴിതെളിക്കുന്ന വിപ്ലവകരമായ ആശയമാണ് കൈരളി അഗ്രിക്കൾച്ചർ മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടേത്. മൂന്ന് പതിറ്റാണ്ടിലേറെക്കാലമായി സഹകരണ ബാങ്കിംഗ് രംഗത്ത് പ്രവർത്തന പരിചയമുള്ള കെ.വി അശോകനാണ് സൊസൈറ്റിയുടെ ചെയർമാൻ. പതിറ്റാണ്ടുകൾക്ക് മുമ്പേ ഏങ്ങണ്ടിയൂരിൽ കേരഗ്രാമം പദ്ധതി കൊണ്ടുവരുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ച അശോകൻ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാല സെനറ്റ് അംഗവുമായിരുന്നു. കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ച് **കെ.വി അശോകൻ** വിശദീകരിക്കുന്നു.

**? ഒരു കർഷക കൂട്ടായ്മ എന്തുകൊണ്ടാണ് ക്ലൈമറ്റ് ടെക് രംഗത്തെ സ്റ്റാർട്ടപ്പുമായി കൈകോർക്കാൻ തീരുമാനിച്ചത്?**

o 20 വർഷങ്ങൾക്ക് മുമ്പ് ഓസ്ട്രേലിയൻ ടെക്നോളജിയിലുള്ള യൂണിറ്റ് സ്ഥാപിച്ച് നാളികേരത്തിൽ നിന്ന് വെർജിൻ കോക്കനട്ട് ഓയിൽ ഉൾപ്പെടെ മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമിച്ച് വിപണിയിലെത്തിക്കാൻ പ്രവർത്തിച്ച വ്യക്തിയാണ് ഞാൻ. ഭാവിയിൽ സാധ്യതയുള്ള രംഗവുമായി കൈകോർത്താൽ മാത്രമേ താഴേത്തട്ടിലുള്ള കർഷകർക്കും അനുബന്ധ മേഖലകൾക്കും സമ്പത്ത് സൃഷ്ടിക്കാൻ സാധിക്കൂ. ലോ കാർബൺ സൊല്യൂഷൻസിന്റെ സാരഥി ലതീഷിന്റെ ആശയം കേട്ടപ്പോൾ അതുമായി സഹകരിച്ച് വലിയൊരു പ്രസ്ഥാനം കെട്ടിപ്പടുക്കാനാകുമെന്ന് വ്യക്തമായി. 2022 മുതൽ അതിനായി പരിശ്രമിക്കുന്നു.

**? കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്താണ് കൃഷിയിടത്തിൽ ചെയ്യുന്നത്?**

o 120 രൂപ മുടക്കിയാൽ ഏതൊരു കർഷകനും ഞങ്ങളുടെ ഓഹരിയുടമയാകാം. ഇവരുടെ കൃഷിയിടത്തിൽ പ്രാഥമിക സർവേയും ഡാറ്റ കളക്ഷനും നടത്തി നിലവിലുള്ള കാർബൺ പുറന്തള്ളൽ കൃത്യമായി മനസിലാക്കും. പിന്നീടാണ് കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള സുസ്ഥിര കൃഷി രീതിയിലേക്ക് കൃഷിയിടത്തെ മാറ്റുന്നത്. ഇതിനുള്ള സാമ്പത്തിക പിന്തുണ കർഷകർക്ക് സൊസൈറ്റി നൽകും. ശരിയായ വളപ്രയോഗം, റിന്യൂവബ്ൾ എനർജിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തൽ, പുനരുജ്ജീവന കാർഷികരീതികൾ എന്നിവയെല്ലാം നടപ്പാക്കി കാർബൺ പുറന്തള്ളൽ കുറയ്ക്കും. ഇത്തരത്തിൽ കുറയ്ക്കുന്ന ഓരോ ടണ്ണും ആഗോളവിപണിയിൽ വിറ്റഴിക്കും. അതിലൂടെ ലഭിക്കുന്ന പണത്തിന്റെ നിശ്ചിത ശതമാനം കർഷകർക്ക് കൈമാറും.

**? ആഗോളതലത്തിലെ കാർബൺ ക്രെഡിറ്റ് വിപണിയിൽ കൈരളി എങ്ങനെയാണ് ഇടപെടലുകൾ നടത്തുക?**

o ഞങ്ങളുടെ ഈ പദ്ധതിക്ക് രാജ്യാന്തര തലത്തിലെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ജനീവ ആസ്ഥാനമായുള്ള കാർബൺ ക്രെഡിറ്റ് വെരിഫിക്കേഷൻ ഏജൻസിയായ ഗോൾഡ് സ്റ്റാൻഡേർഡുമായി പങ്കാളിത്തമുണ്ട്. കാർബൺ ക്രെഡിറ്റ് വിനിമയത്തിന് ഓഹരി വിപണിയുടെ മാതൃകയിൽ ഓസ്ട്രേലിയയിലെ സിഡ്നിയിൽ കാർബൺ ക്രെഡിറ്റ് എക്സ്ചേഞ്ച് പ്രവർത്തിക്കുന്നുണ്ട്. ഈ എക്സ്ചേഞ്ചിൽ കൈരളിയും അംഗമാണ്.

**? നൂതനമായ ഈ ആശയം എത്രത്തോളം ഇപ്പോൾ നടപ്പാക്കപ്പെട്ടു കഴിഞ്ഞു?**

o കഴിഞ്ഞ 12 മാസത്തിനിടെ പ്രവർത്തന രംഗത്ത് ഏറെ മുന്നേറാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. വെറും ആശയം മാത്രമല്ല ഇപ്പോഴിത്. വിജയകരമായി പൈലറ്റ് പ്രോജക്റ്റ് മുന്നോട്ട് പോകുന്നുണ്ട്. കേരളത്തിലും തമിഴ്നാട്ടിലുമായി 37 ഫസിലിറ്റി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. 25,000 ഏക്കർ കൃഷിഭൂമിയിൽ 12,000ത്തോളം അംഗങ്ങളാണ് പ്രവർത്തിക്കുന്നത്.

**? കൈരളിയുടെ ലക്ഷ്യമെന്താണ്?**

o പ്രകൃതി സംരക്ഷണത്തിലൂടെ ആരോഗ്യം സംരക്ഷിച്ച് സമ്പന്നരാകുക. സുസ്ഥിര കൃഷിരീതികൾ നടപ്പാക്കുമ്പോൾ മാരക വിഷാംശമില്ലാത്ത കാർഷിക വിളകൾ ലഭിക്കും. ഇത് സമൂഹത്തിന്റെ ആരോഗ്യസംരക്ഷണത്തിന് ഉതകും. മാത്രമല്ല, കാർബൺ ക്രെഡിറ്റിലൂടെ പുതിയൊരു വരുമാന മാർഗം തെളിയും. കർഷകർക്ക് മാത്രമല്ല, സമൂഹത്തിലെ എല്ലാ തട്ടിലുള്ളവർക്കും സാമ്പത്തിക ഉന്നമനത്തിനുള്ള മാർഗമാണ് കൈരളി തുറന്നിടുന്നത്.

അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഒരുലക്ഷം ഏക്കർ കൃഷിയിടത്തിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. ഏഴ് വർഷത്തിനുള്ളിൽ രാജ്യമെമ്പാടുമുള്ള അഞ്ച് ലക്ഷം ഏക്കറിലേക്ക് പ്രവർത്തനം വിപുലീകരിക്കണം. അഞ്ച് ലക്ഷം ഏക്കർ കൃഷി ഭൂമിയിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുമ്പോൾ കാർബൺ ക്രെഡിറ്റ് വിപണിയുടെ ഏകദേശം 2,200 കോടി രൂപ മൂല്യമുള്ള വിപണി വിഹിതം കൈരളിക്ക് നേടിയെടുക്കാനാകുമെന്നാണ് കണക്കുകൂട്ടൽ.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം ഇത്തരമൊരു പദ്ധതി യുഎൻ പ്രഖ്യാപിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ 17 സൂചികകളിൽ 11ഉം നേരിട്ട് ഉൾക്കൊള്ളുന്നു എന്നതാണ്. ■

കർഷകരെ ശാക്തീകരിച്ച് അവർക്ക് പുതിയൊരു വരുമാനമാർഗം തുറന്നുകൊടുക്കുക മാത്രമല്ല, ആഗോളതലത്തിലെ പുത്തൻ പ്രവണതകളുടെ ഭാഗമായി നിന്നുകൊണ്ട് സമ്പത്ത് സൃഷ്ടിക്കുകയെന്ന വിശാലമായ കാഴ്ചപ്പാട് കൂടിയാണ് കൈരളിക്കുള്ളത്. ‘‘ലോക രാജ്യങ്ങളും വൻകിട കോർപ്പറേറ്റുകളും പരിസ്ഥിതി സംരക്ഷണത്തിനായുള്ള ഫണ്ടിംഗ് ഏജൻസികളുമെല്ലാം കാലാവസ്ഥാ വ്യതിയാനത്തെയും ആഗോളതാപനത്തെയും ചെറുക്കാൻ വലിയ തോതിൽ ഫണ്ട് ചെലവിടുക തന്നെ ചെയ്യും. ഈ രംഗത്ത് കൃത്യമായ കാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന സംരംഭങ്ങൾ പക്ഷേ വളരെ കുറവാണ്. കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വ്യത്യസ്തമാകുന്നതും അതുകൊണ്ടാണ്,’’ കെ.വി അശോകൻ പറയുന്നു.

കാർബൺ ക്രെഡിറ്റ് പ്രോജക്ടിന് പുറമേ മറ്റ് നിരവധി മേഖലകളിലേക്കും കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. കാർബൺ ന്യൂട്രൽ ഫാം ടൂറിസം മേഖലയാണ് അതിലൊന്ന്. മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണ, വിതരണ രംഗത്തും കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ശക്തമായ സാന്നിധ്യമാണ്. കേരടെക് ബ്രാൻഡിൽ നാളികേരത്തിൽ നിന്നുള്ള നിരവധി മൂല്യവർധിത ഉൽപ്പന്നങ്ങൾ കൈരളിയുടെ ഉൽപ്പന്ന ശ്രേണിയിലുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ മുതൽ തേങ്ങ പാൽപ്പൊടി തുടങ്ങി തേങ്ങ ചമ്മന്തി വരെയുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് കേരടെക് ബ്രാൻഡിൽ വിപണിയിലെത്തുന്നത്. ഗ്രീൻപാഡ് എന്ന ബ്രാൻഡ് നാമത്തിൽ ഹെർബൽ സാനിറ്ററി നാപ്കിനും കൈരളി വിപണിയിലെത്തിക്കുന്നു.

തേൻ, സുഗന്ധവ്യഞ്ജനങ്ങൾ, തേയില, കാപ്പി, അലൊവേര, വിവിധ പഴസത്തുകൾ തുടങ്ങി നിരവധി ഓർഗാനിക് ഉൽപ്പന്നങ്ങളും സൊസൈറ്റിക്കുണ്ട്. ഇക്കോ ഹാർവെസ്റ്റ് എന്ന ബ്രാൻഡ് നാമത്തിൽ പ്രകൃതിദത്ത ചേരുവകൾ അടങ്ങിയ ഹോം കെയർ ഉൽപ്പന്നങ്ങളും സൊസൈറ്റി നിർമിച്ച് വിപണനം ചെയ്യുന്നു. കൊതുകിനെ തുരത്തുന്ന ബോഡി സ്പ്രേ മുതൽ ഡിറ്റർജന്റ്, ഫ്ളോർ ക്ലീനർ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾ ഇക്കോഹാർവെസ്റ്റ് ബ്രാൻഡിൽ വിപണിയിലെത്തുന്നുണ്ട്.

### കൂട്ടായ്മയ്ക്കൊപ്പം ചേരാം, സമ്പത്ത് സൃഷ്ടിക്കാം

കൈരളി അഗ്രിക്കൾച്ചർ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൂട്ടായ്മയിൽ പങ്കാളികളാകുന്നവർക്കായി രണ്ട് തരത്തിലുള്ള സാമ്പത്തിക ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നുണ്ട്. കോൺട്രിബ്യൂഷൻ പ്ലാനിൽ നിശ്ചിത തുക ഒറ്റത്തവണയായി നിക്ഷേപിക്കാവുന്നതാണ് ഒരു പദ്ധതി. പ്രതിമാസം നിശ്ചിത തുക നിക്ഷേപിക്കുന്ന റിക്കറിംഗ് കോൺട്രിബ്യൂഷൻ പ്ലാനാണ് മറ്റൊന്ന്.

കേരളവും തമിഴ്നാടുമാണ് കൈരളി അഗ്രിക്കൾച്ചർ എംഎസ്സിഎസ്സിന്റെ പ്രവർത്തന പരിധി. ■

## “സുസ്ഥിരത ഉറപ്പാക്കിയുള്ള വികസനം

**സു**സ്ഥിരത ഉറപ്പാക്കിയുള്ള വികസനത്തിനാണ് ക്ലൈമറ്റ് ടെക് കമ്പനിയായ ലോ കാർബൺ സൊല്യൂഷൻസ് ഊന്നൽ നൽകുന്നത്. ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള സമ്പൂർണ സേവനങ്ങൾ ഇവർ ലഭ്യമാക്കുന്നു. റിന്യൂവബ്ൾ എനർജി പ്രോജക്റ്റുകൾ, എനർജി എഫിഷ്യൻസി പ്രോജക്റ്റുകൾ, കൃഷിയിടങ്ങളിലും മറ്റും കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കൽ തുടങ്ങി കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്കായുള്ള മാർഗനിർദേശങ്ങളും ഇവർ നൽകുന്നു. ‘‘പരിസ്ഥിതി പുനരുജ്ജീവനമാണ് വരും കാലത്ത് ലോകം ഊന്നൽ നൽകാൻ പോകുന്ന ഒരുകാര്യം. സാധ്യതയേറെയുള്ള രംഗത്താണ് ലോ കാർബൺ സൊല്യൂഷൻസ് എന്ന ക്ലൈമറ്റ് ടെക് കമ്പനി ആരംഭിച്ചിരിക്കുന്നതും,’’ കമ്പനി സ്ഥാപകനും സിഇഒയുമായ ലതീഷ് വി.കെ പറയുന്നു. ജയ്പൂരിലെ മാളവ്യ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിംഗിൽ ബി.ടെക് നേടിയ ശേഷം രാജ്യാന്തര തലത്തിലെ പെട്രോകെമിക്കൽ കമ്പനികളിൽ ഉൾപ്പെടെ വിവിധ റോളുകൾ കൈകാര്യം ചെയ്ത ലതീഷ്, സിയാറ്റിലിലെ ജിഎച്ച്ജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ജിഎച്ച്ജി അക്കൗണ്ടിംഗ് ആൻഡ് റിപ്പോർട്ടിംഗിൽ പ്രൊഫിഷൻസി സർട്ടിഫിക്കറ്റും സ്വന്തമാക്കിയിട്ടുണ്ട്.

നഗരങ്ങളിലെ കാർബൺ പുറന്തള്ളൽ ഗണ്യമായി കുറയ്ക്കാൻ സഹായിക്കുന്ന മൈക്രോ ആൽഗ അധിഷ്ഠിതമായുള്ള ലിക്വിഡ് ട്രീ പദ്ധതിയുടെ ഗവേഷണ പരീക്ഷണങ്ങളും ലോ കാർബൺ നടത്തിവരികയാണ്. നഗര-വനവൽക്കരണത്തിനുള്ള നൂതനമായ ബദൽ പദ്ധതിയാണ് ലിക്വിഡ് ട്രീ. ■